**സർക്കാർ വനിതാ പോളിടെക്നിക് കോളേജ്,**

**തിരുവനന്തപുരം-695040**

**ഈ-മെയിൽ -wptctvm@yahoo.co.in ഫോൺനമ്പർ-0471-2491682**

നം.പി1/855/2023/WPC-KMN തീയതി :-28.01.2025

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ വിദ്യാർത്ഥിനികൾക്കും ജീവനക്കാർക്കും വേണ്ടി ടി സ്ഥാപനത്തിൽ 2024-25 വർഷത്തേക്ക് ക്യാന്റീൻ നടത്തുവാൻ താല്പര്യമുള്ള വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്നും അനുബന്ധമായി ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു .

**<u>ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തിയതിയും സമയവും 06.02.2025 ഉച്ചയ്ക്ക് 2.00 മണി വരെ ആയിരിക്കും. ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും 06.02.2025 ഉച്ചയ്ക്ക് 3.00.</u>**

താഴെ പറയുന്ന ഭക്ഷ്യ വസ്തുക്കളുടെയും പാനീയങ്ങളുടെയും തൂക്കവും വിലയും പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സമർപ്പിക്കേണ്ടത് കുറഞ്ഞത് 1 (ഒന്ന്) രൂപയുടെ ഗുണിതങ്ങളായി വേണം വിലകൾ രേഖപ്പെടുത്തേണ്ടത് .

| SL NO. | ഇനം | വിലവിവര പട്ടിക |
|---|---|---|
| | <u>പ്രാതൽ</u> | |
| 1 | ചായ | 1 ഗ്ലാസ്സ് (180 മില്ലി) |
| 2 | കട്ടൻ ചായ | 1 ഗ്ലാസ്സ് (180 മില്ലി) |
| 3 | കോഫി | 1 ഗ്ലാസ്സ് (180 മില്ലി) |
| 4 | കട്ടൻ കോഫി | 1 ഗ്ലാസ്സ് (180 മില്ലി) |
| 5 | ദോശ | 75 ഗ്രാം |
| 6 | ഇഡ്ഡലി | 75 ഗ്രാം |
| 7 | അപ്പം | 75 ഗ്രാം |
| 8 | ചപ്പാത്തി | 75 ഗ്രാം |
| 9 | പൂരി | 75 ഗ്രാം |
| 10 | ബറോട്ട | 75 ഗ്രാം |
| 11 | പുട്ട് | 1 കഷണം (75 ഗ്രാം) |
| 12 | കടലക്കറി | 150 ഗ്രാം |

| | | |
|---|---|---|
| 13 | മുട്ടക്കറി | 150 ഗ്രാം |
| 14 | കിഴങ്ങ് കറി | 150 ഗ്രാം കുറയാതെ |
| 15 | കൊഴുക്കട്ട | 150 ഗ്രാം കുറയാതെ |
| 16 | ഓംലെറ്റ് | സിംഗിൾ |
| 17 | ഓംലെറ്റ് | ഡബ്ബിൾ |
| 18 | നാരങ്ങാവെള്ളം / സോഫ്റ്റ് ഡ്രിങ്ക്സ് കലക്കിയത് | 300 മി.ലി |
| 19 | ഐസ്ക്രീം | മാർക്കറ്റ് റേറ്റ് |
| 20 | പഴം സർബത്ത് (ഏതെങ്കിലും) | മാർക്കറ്റ് റേറ്റ് |
| 21 | വാട്ടർ ബോട്ടിൽ | പ്രധാന പരിഗണന - ഹില്ലി അക്വാ / മിനറൽ വാട്ടർ ഗവൺമെൻറ് റേറ്റ് |
| 22 | ബിസ്ക്കറ്റുകൾ | മാർക്കറ്റ് റേറ്റ് |
| 23 | പഴവർഗങ്ങൾ | മാർക്കറ്റ് റേറ്റ് |
| ലഘു ഭക്ഷണം | | |
| 24 | പഴം പൊരി (ഏത്തക്കാപ്പം) | 100 ഗ്രാം |
| 25 | ഉള്ളി വട | 50 ഗ്രാം |
| 26 | പരിപ്പ് വട | 50 ഗ്രാം |
| 27 | ഉഴുന്ന് വട | 50 ഗ്രാം |
| 28 | ബജി | 75 ഗ്രാം |
| 29 | ബോണ്ട | 75 ഗ്രാം |
| 30 | മോദകം | 75 ഗ്രാം |
| 31 | ഇലയപ്പം | 75 ഗ്രാം |
| 32 | സമോസ | 50 ഗ്രാം |
| 33 | കാരവട | 50 ഗ്രാം |
| **ഊണ്** | | |
| 34 | ഇറച്ചിക്കറി(പോത്ത് ) | 150 ഗ്രാമിൽ കുറയാതെ |
| 35 | ഇറച്ചിക്കറി (കോഴി) | 150 ഗ്രാം |
| 36 | മീൻകറി | 150 ഗ്രാം |
| 37 | മീൻ വറുത്തത് | 100 ഗ്രാം |
| 38 | തൈര് | 100 മി.ലി |
| | | |

| | | |
|---|---|---|
| 39 | ഊണ് സ്റ്റാൻഡേർഡ്<br>പരിപ്പ്, സാമ്പാർ, രസം പുളിശ്ശേരി, മോര്<br>അവിയൽ അച്ചാർ തോരൻ പച്ചടി പർപ്പടം<br>ഉൾപ്പെടെ | |

Beena S

Signed by
Beena SPRINCIPAL, WPTC
Date: 28-01-2025 13:27:13

**വ്യവസ്ഥകളും നിബന്ധനകളും**

1. കാന്റീൻ നടത്താൻ ലൈസൻസ് ഉള്ള വ്യക്തികൾ മാത്രം ക്വട്ടേഷൻ സമർപ്പിക്കുക .
2. കാന്റീൻ നടത്തിപ്പിനായി അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊള്ളാമെന്നുള്ള സത്യപ്രതിജ്ഞ ക്വട്ടേഷനോടൊപ്പം പ്രത്യേകം ഉൾപ്പെടുത്തേണ്ടതാണ് .
3. കാന്റീൻ പ്രവർത്തനത്തിന് മുൻ പരിചയമുള്ളവർക്ക് പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ് . ആയത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് .
4. കോവിഡ് -19 സംബന്ധിച്ച് സർക്കാരിന്റെ കാലാകാലങ്ങളിലുള്ള നിയന്ത്രണങ്ങൾ പൂർണമായി പാലിച്ചു വേണം കാന്റീൻ പ്രവർത്തിപ്പിക്കേണ്ടത് .
5. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്ത് കവറിനു പുറത്ത് ക്വട്ടേഷൻ നമ്പറിനോടൊപ്പം കാന്റീൻ നടത്തിപ്പിനായി സമർപ്പിക്കുന്നത് എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം .
6. ചായയ്ക്ക് മിൽമ പാൽ മാത്രം ഉപയോഗിക്കുക . കേരള സർക്കാരിന്റെ അംഗീകാരമുള്ള വെളിച്ചെണ്ണ (കേര) മാത്രം പാചകത്തിന് ഉപയോഗിക്കുക . കൂടാതെ ചായപ്പൊടി ബ്രൂക്ക് ബോണ്ട്/ റെഡ് ലേബൽ / 3 റോസസ് എന്നിവ ഉപയോഗിക്കുക .
7. കാന്റീൻ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ ആയിരിക്കണം .പ്രാതൽ സമയം രാവിലെ 8 മണി മുതൽ 10.30 വരെ , ലഘു ഭക്ഷണം രാവിലെ 8 മണി മുതൽ 11 വരെയും , ഉച്ച ഭക്ഷണം ഉച്ചയ്ക്ക് 12 മുതൽ 2 മണിവരെ എന്നിങ്ങനെ ആയിരിക്കണം .
8. പ്രഭാത ഭക്ഷണത്തിന് ഒപ്പം സൗജന്യമായി സാമ്പാറോ ചട്നി കറിയോ നൽകേണ്ടതാണ് .
9. പ്രാതലിന് ദിവസവും കുറഞ്ഞത് രണ്ട് തരം ഭക്ഷണം എങ്കിലും ഉണ്ടായിരിക്കണം ഓരോ ദിവസവും വ്യത്യസ്തയിനത്തിൽപ്പെട്ട ഭക്ഷണം തയ്യാറാക്കുക.
10. ക്യാന്റീനിൽ സ്ഥലപരിമിതി ഉള്ളതിനാൽ സ്ഥാപനത്തിലെ ജീവനക്കാരും വിദ്യാർഥിനികളും ആവശ്യപ്പെടുന്ന പക്ഷം ഭക്ഷണ സാധനങ്ങൾ പാർസൽ ആയി നൽകേണ്ടതാണ് .
11. ഉച്ച ഊണിന് ദിവസവും കുറഞ്ഞത് രണ്ട് തരത്തിലുള്ള സ്പെഷ്യൽ കറികൾ ഉണ്ടായിരിക്കണം .(മീൻ , മുട്ട , ഇറച്ചി)
12. വലിപ്പ വ്യത്യാസമനുസരിച്ച് മീൻ കറിയുടെ വില നിശ്ചയിക്കുക . ഗുണമേന്മയുള്ള അരി മാത്രം ഉപയോഗിക്കുക .
13. ക്യാന്റീനിലെ ജീവനക്കാർ സ്ത്രീകളായിരിക്കണം . അവർ ഹെഡ്ക്യാപ്പ് ധരിച്ചു വേണം പാചകം ചെയ്യാനും വിതരണം ചെയ്യാനും .
14. കാന്റീൻ കമ്മിറ്റിയുടെയോ മറ്റ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെയോ പരിശോധനകളുമായി സഹകരിക്കുക .ആഹാര സാധനങ്ങളുടെ ഗുണ നിലവാരത്തെ കുറിച്ചോ പ്രവർത്തനം സംബന്ധിച്ചോ എന്തെങ്കിലും പരാതി ലഭിച്ചാൽ കാന്റീൻ പ്രവർത്തനം റദ്ദ് ചെയ്യുന്നതിന് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും .
15. പുറത്തു നിന്നുള്ള വ്യക്തികൾക്ക് ക്യാന്റീനിൽ പ്രവേശിക്കാനും ഭക്ഷണം കഴിക്കുവാനും അനുവാദം ഉണ്ടായിരിക്കുന്നതല്ല .
16. കാന്റീൻ പരിസരവും കെട്ടിടവും വൃത്തിയായി സൂക്ഷിക്കുക .

17. ശീതള പാനീയങ്ങൾ മാർക്കറ്റിൽ ലഭ്യമാകുന്ന അളവുകളിലും വിലയിലും വേണം നൽകുവാൻ .

18. കാന്റീൻ പ്രവർത്തിപ്പിക്കുവാനുള്ള അനുവാദം വനിതകൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു .

**19. കാന്റീൻ മാസവാടകയായ 150 /- രൂപ ഓഫീസിൽ ഒടുക്കേണ്ടതും ഓഫീസ് ഈ തുക "0202-02-800-94 OTHER RECEIPTS" എന്ന ശീർഷകത്തിൽ ഒടുക്കുന്നതായിരിക്കും . കറന്റ് , വാട്ടർ ചാർജ്ജ് എന്നിവ കാന്റീൻ നടത്തിപ്പുകാർ അടയ്ക്കേണ്ടതാണ് .**

20. കാന്റീൻ പ്രവർത്തന കാലാവധി പരമാവധി ഒരു വർഷമായിരിക്കും .

21. ഫുഡ് സേഫ്റ്റി അധികൃതരുടെ ടോൾ ഫ്രീ നമ്പർ ആയ 1800-425-1125 വ്യക്തമാക്കത്തക്ക രീതിയിൽ (കുറഞ്ഞത് 30 cm x 21.5cm ) കാന്റീന് അകത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

**22. ശനിയാഴ്ച ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തി ദിവസങ്ങളിലും പ്രവർത്തി സമയം മുഴുവൻ കാന്റീൻ തുറന്നു പ്രവർത്തിക്കേണ്ടതാണ് .**

23. കാന്റീൻ വിൽപ്പന നടത്തുന്ന എല്ലാ ഭക്ഷ്യ വസ്തുക്കളുടെയും വിലവിവര പട്ടിക പ്രദർശിപ്പിക്കേണ്ടതാണ്.

24. ആരോഗ്യത്തിന് ഹാനീകരമായേക്കാവുന്ന മായം കലർന്നതോ ആയ യാതൊരു വിധ ഭക്ഷണങ്ങളും ക്യാന്റീനിൽ വിൽപ്പന നടത്തുവാൻ പാടില്ല .

25. കരാർ പ്രകാരം നിശ്ചയിക്കപ്പെട്ട ഭക്ഷ്യ വസ്തുക്കളുടെ വിലകൾ കാലാവധി തീരും വരെ മാറ്റമില്ലാതെ തുടരേണ്ടതാണ് .

26. ക്യാന്റീന്റെ പ്രവർത്തനം മൂലം സ്ഥാപനത്തിന്റെ സ്ഥാവരജംഗമവസ്തുക്കൾക്ക് യാതൊരു കേടുപാടുകളോ നാശനഷ്ടങ്ങളോ സംഭവിക്കാൻ പാടില്ല സംഭവിക്കുന്ന നഷ്ടങ്ങൾക്ക് കരാറുകാരി ബാധ്യസ്ഥ ആയിരിക്കുന്നതാണ് .

27. മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായി പോളിടെക്നിക് കോളേജിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന യാതൊരു വിധ പ്രവർത്തനവും അനുവദിക്കുന്നതല്ല .

28. കാന്റീൻ നടത്തിപ്പിൽ പരാതിയോ , ആക്ഷേപമോ ലഭിച്ചാൽ ആയത് പരിശോധിച്ച് നോട്ടീസ് കൂടാതെ കാന്റീൻ പ്രവർത്തനം തടഞ്ഞു വയ്പ്പിക്കാനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും .

29. സ്ഥാപനത്തിന് പുറത്തെ ആവശ്യങ്ങൾക്കോ ഓർഡറുകൾക്കോ ആയി കാന്റീൻ സൗകര്യം ഉപയോഗപ്പെടുത്താൻ പാടില്ല .

30. കാന്റീൻ ലഘു ഭക്ഷണത്തിൽ ആവിയിൽ പുഴുങ്ങുന്ന ഭക്ഷണം എല്ലാ ദിവസവും നിർബന്ധമായും ഉണ്ടായിരിക്കണം .

**31. കാന്റീൻ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഹെൽത്ത് കാർഡ് നിർബന്ധമാണ് .**

**32. ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് .**

**പ്രിൻസിപ്പാൾ**

പകർപ്പ്

1. നോട്ടീസ് ബോർഡ് (ജി.ഡബ്ല്യൂ.പി.ടി.സി )
2. നോട്ടീസ് ബോർഡ്(ജെ.സി.ടി.ഇ തിരുവനന്തപുരം)
3. നോട്ടീസ് ബോർഡ് (കെ.എസ്.ആർ.ടി.സി പാപ്പനംകോട്)
4. നഗരസഭ സോണൽ ഓഫീസ് , നേമം തിരുവനന്തപുരം
5. ഓഫീസ് കോപ്പി / കരുതൽ ഫയൽ